# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *282 — 09.05.2017 ൽ മറുപടിക്ക്

## പെർഫോമൻസ് ആഡിറ്റ് വിഭാഗം

| | ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. അനൂപ് ജേക്കബ് :<br>ശ്രീ. വി.എസ്. ശിവകുമാർ :<br>ശ്രീ. വി.ടി. ബൽറാം : | | മറുപടി<br>ശ്രീ. കെ.ടി. ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഉറപ്പുവരുത്തേണ്ട ചുമതല പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന് നല്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ, ഇത്തരമൊരു തീരുമാനം എടുക്കുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | (ബി) | ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമകരവുമായ ചുമതലകളും ആ സ്ഥാപനത്തെ ഭാരമേല്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭരണ നിർവ്വഹണ പരിശോധനാ സംവിധാനമാണ് പെർഫോമൻസ് ഓഡിറ്റ്. അധികാര വികേന്ദ്രീകരണത്തെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പതിൻമടങ്ങ് വർദ്ധിച്ചു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് പഞ്ചവത്സര വാർഷിക പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ. നിലവിലുള്ള പെർഫോമൻസ് ഓഡിറ്റ് പരിശോധനാ നടപടിക്രമമനുസരിച്ച് പദ്ധതി രൂപീകരണ നിർവ്വഹണ നടപടികൾ ആരംഭിച്ച ശേഷമോ പൂർത്തികരിച്ച ശേഷമോ മാത്രമാണ് പെർഫോമൻസ് ഓഡിറ്റ് പരിശോധനയും വിലയിരുത്തലും നടക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം പരിശോധനയും വിലയിരുത്തലും നടത്തുന്നതുകൊണ്ട് പ്രവർത്തന ഘട്ടങ്ങളിലുണ്ടാകുന്ന പോരായ്മകളും വീഴ്ചകളും അപരിഹാര്യമായി തുടരുകയും ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല പ്രസ്തുത പ്രവർത്തനങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും യഥാസമയം പരിശോധിച്ച് പരിഹാരം |

(....2)

| | | | |
|---|---|---|---|
| | | | കാണുന്നതിന് ഇതുമൂലം കഴിയുന്നില്ല. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ നിർവ്വഹണം ആരംഭിക്കുന്നതിന് പര്യാപ്തമാകുംവിധം വാർഷിക പദ്ധതിയും പ്രോജക്ടുകളും മുൻകൂട്ടി തയ്യാറാക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിൽത്തന്നെ അവയുടെ കാര്യക്ഷമതയും സമയബന്ധിതമായ പ്രവർത്തനങ്ങളും വിലയിരുത്തി നിർവഹണ കലണ്ടർ പ്രകാരം പ്രസ്തുത പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുകയും പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പരിഹരിക്കാവുന്നവ പരിഹരിച്ചും സർക്കാർതലത്തിൽ പരിഹാരം കാണേണ്ടവ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്ത് സമയ ബന്ധിതമായി പരിഹാര നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റെ സക്രിയ ഇടപെടൽ ആവശ്യമാണ്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയുടെ പുരോഗതി സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ട വിഷയങ്ങളുടെ അടിസ്ഥാനതല റിപ്പോർട്ടിംഗ് യൂണിറ്റുകളായി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും ഇവയുടെ കാര്യക്ഷമതയും ഗുണപരതയും ഉറപ്പുവരുത്തുന്നതിനും പെർഫോമൻസ് ആഡിറ്റ് പരിശോധനയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് അധിക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഗുണഭോക്തൃ പട്ടിക നീതിയുക്തമാണോയെന്ന് പരിശോധിക്കുവാനുള്ള ചുമതല പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ എന്ന് പറയാമോ ? | (സി) | വ്യക്തിഗത ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായും നീതിയുക്തമായും നടക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കേണ്ട മുകൾതട്ട് തദ്ദേശസ്ഥാപനങ്ങൾക്ക് യഥാസമയം ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുവാൻ പെർഫോമൻസ് ആഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ